## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ – 373     13/11/2019 -ൽ മറുപടിയ്ക്ക്

## പാർലമെന്ററി ജനാധിപത്യ പ്രക്രിയയെക്കുറിച്ച് അവബോധം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | : | ശ്രീ. എ.കെ. ബാലൻ |
| ശ്രീ. ആന്റണി ജോൺ | : | പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക |
| പ്രൊഫ. കെ.യു.അരുണൻ | : | സമുദായക്ഷേമവും, നിയമവും സാംസ്കാരികവും, |
| ശ്രീ. എം.നൗഷാദ് | : | പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |

(എ) വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും പാർലമെന്ററി ജനാധിപത്യ പ്രക്രിയയെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെയും പാരമ്പര്യത്തെയും കുറിച്ചും അവബോധം നൽകുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ;

(എ) വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും പാർലമെന്ററി ജനാധിപത്യത്തെയും ജനാധിപത്യ പ്രക്രിയയെക്കുറിച്ചും അവബോധം നല്കുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ കീഴിൽ സ്കൂൾ/ കോളേജുകളിൽ യൂത്ത് പാർലമെന്റ്, മോഡൽ പാർലമെന്റ് എന്നിവ സംഘടിപ്പിച്ചുവരുന്നു. സ്കൂളുകളിൽ പാർലമെന്ററി ലിറ്ററസി ക്ലബ്ബുകളും ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബുകളും അനുവദിക്കുകയും അവയിലൂടെ കുട്ടികൾക്കിടയിൽ പാർലമെന്ററി അവബോധം സൃഷ്ടിക്കുന്ന വിധത്തിൽ ക്വിസ്സ് മത്സരങ്ങൾ, ഉപന്യാസ മത്സരങ്ങൾ, പ്രസംഗ മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്തു വരുന്നു. യുവജനങ്ങളെ ലക്ഷ്യമാക്കി കോളേജുകളിൽ മോഡൽ പാർലമെന്റിനു പുറമെ സെമിനാറുകൾ സംഘടിപ്പിക്കുന്നു. യൂത്ത് പാർലമെന്റ് മത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളിൽ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കുന്ന രണ്ടു കുട്ടികൾക്ക് വീതം ഇന്ത്യൻ പാർലമെന്റും ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളും സന്ദർശിക്കുന്നതിനും ജനപ്രതിനിധികളുമായി സംവദിക്കുന്നതിനും അവസരം നല്കുന്നു. ഇവർക്കായി സഹവാസ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പാർലമെന്ററി കാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനംകൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ട് ; ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്കൂളുകളിൽ സംഘടിപ്പിച്ചുവരുന്ന യൂത്ത് പാർലമെന്റിനു സമാനമായി കോളേജുകളിൽ മോഡൽ പാർലമെന്റ് ആരംഭിച്ചു. ദേശീയ പ്രാധാന്യമുള്ള വിഷയങ്ങളിൽ കോളേജുകൾ/ യൂണിവേഴ്സിറ്റികൾ കേന്ദ്രീകരിച്ച് പാനൽ

ഡിസ്കഷനുകളും, ലെക്ചർസീരീസും സംഘടിപ്പിക്കുന്നു. സ്കൂൾ കുട്ടികൾക്കായി സംഘടിപ്പിച്ചുവരുന്ന ദ്വിദിന സഹവാസ ക്യാമ്പുകൾ കോളേജുകളിലും സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചു.

(സി) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെയും കോളേജുകളിലെയും വിദ്യാർത്ഥി-കൾക്കായി പാർലമെന്ററി പ്രക്രിയ സംബന്ധിച്ച് എന്തെല്ലാം പരിശീലന പരിപാടികളാണ് സംഘടിപ്പിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ?

(സി) സ്കൂളുകളിലെ പരിപാടികൾ ചുവടെ ചേർക്കുന്നു :

1. യൂത്ത് പാർലമെന്റ് മത്സരം
2. സ്കൂൾ സെമിനാർ
3. പാർലമെന്ററി ലിറ്ററസി ക്ലബ്ബ്
4. ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്
5. സഹവാസ ക്യാമ്പ്
6. സ്കൂൾ ജില്ലാ സംസ്ഥാന തലത്തിൽ ക്വിസ്സ്/ഉപന്യാസ/പ്രസംഗ മത്സരങ്ങൾ
7. ഡൽഹി പാർലമെന്റും ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ സന്ദർശനവും
8. പഴയ അസംബ്ലി ഹാളിൽ വെച്ച് റിപ്പീറ്റ് പെർഫോർമൻസ്

കോളേജുകളിലെ പരിപാടികൾ ചുവടെ ചേർക്കുന്നു :

1. മോഡൽ പാർലമെന്റ് മത്സരം
2. കോളേജ് സെമിനാർ
3. സഹവാസ ക്യാമ്പ്
4. സംസ്ഥാന തലത്തിൽ ക്വിസ്സ്/ഉപന്യാസ/പ്രസംഗ മത്സരങ്ങൾ
5. ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേയ്ക്കുള്ള പഠനയാത്ര
6. ബഡ്ജറ്റ് ഡിസ്കഷൻ
7. പ്രധാനപ്പെട്ട ദേശീയ ദിനങ്ങളുടെ അനുസ്മരണം

സെക്ഷൻ ഓഫീസർ